"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആശ്രിത നിയമന പദ്ധതി- കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ പി.മുത്തയ്യയുടെ മകനും ആശ്രിതനുമായ ശ്രീ . ശെൽവരാജ് . എം കൊല്ലം ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(കൈ) നം.203/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/12/2020

പരാമർശം:- 1 ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.05.1999.

2 ജി.ഒ.(പി) നം.14/10/പി & എ ആർ.ഡി തീയതി, 12/04/2010.

3 ശ്രീ . ശെൽവരാജ് . എം ന്റെ 11.11.2015- ലെ അപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 31.03.2017,03.01.2019 എന്നീ തീയതികളിലെ ഇ14-36368/16 , 28.09.2020-ലെ PAN/8539/2020-E14(DP)നമ്പർ കത്തുകൾ.

5 സ.ഉ(കൈ)നം.88/2019/തസ്വഭവ തീയതി 09.07.2019.

6 കൊല്ലം ജില്ലാ കളക്ടറുടെ 07.02..2020ലെ DCKLM/14063/2019-S4 നം.കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ പി.മുത്തയ്യയുടെ മകനും ആശ്രിതനുമായ ശ്രീ . ശെൽവരാജ് . എം സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കെ 26.07.2012 ലാണ് പി.മുത്തയ്യ നിര്യാതനായുന്നത്. പരേതനായ രാഘവന് 32വർഷത്തെ സേവനകാലമുണ്ട്. അപേക്ഷകനായ ശ്രീ . ശെൽവരാജ് . എം പരേതന്റെ മകനാണ്. ടിയാൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം പരാമർശം (5) പ്രകാരം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപേക്ഷകന്റെ ജനനതീയതി 05.01.1975 ആണ്. അപേക്ഷകന് 45 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എട്ടാം ക്ലാസ് പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം മുത്തയ്യടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 48,000/-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കൊല്ലം ജില്ലാ കളക്ടറും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കെ

മരണമടഞ്ഞ പി.മുത്തയ്യയുടെ മകനും ആശ്രിതനുമായ ശ്രീ . ശെൽവരാജ് . എം ന്റെ ( സെൽവഭവനം, M.S.L, തെന്മല പി.ഒ ,കൊല്ലം -691 308 ) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) (2) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആശ്രിത നിയമന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

മരണമടഞ്ഞ പി. മുത്തയ്യടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്
------

ശ്രീ. സെൽവരാജ്.എം, സെൽവഭവനം, M.S.L, തെന്മല പി.ഒ ,കൊല്ലം -691 308. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(അനുബന്ധ രേഖകൾ സഹിതം) .

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ3/290/17/തസ്വഭവ) .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ